**4th November 2015 / Monday** **10th day of 90 days**

***വിശുദ്ധ മർക്കൊസ് 10:17***

***ഒരുവൻ ഓടിവന്ന് യേശുവിന്റെ മുമ്പിൽ മുട്ടുകുത്തി ചോദിച്ചു, ‘ നല്ലവനായ ഗുരോ നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം’.***

സത്യവിശ്വാസികളായ ഓരോ വ്യക്തിയും നിത്യവും എപ്പോഴും ചെയ്യേണ്ടതായ ഒരു കാര്യത്തിന്റെ മാതൃകയാണിത്. ഈ ചോദ്യം ജീവിതപാതയിൽ ആവർത്തിച്ചാൽ നാം ഒരിക്കലും തെററായ പാതയിൽ സഞ്ചരിക്കാൻ സാധ്യതയില്ല. ഏത് തീരുമാനം എടുത്താലും എന്ത് പ്രതിസന്ധിയിൽ ആയാലും നാം ഈ ചോദ്യം ഉന്നയിച്ച് കർത്താവിനോട് ആലോചന ചോദിക്കേണം. ദിവസവും ഏഴ് യാമപ്രാർത്ഥനകൾ ക്രമിച്ചിരിക്കുന്ന പിതാക്കന്മാരുടെ ദീർഘവീക്ഷണത്തെ നാം തിരിച്ചറിഞ്ഞ് എല്ലാ പ്രാർത്ഥനകളും യഥാസമയം പൂർത്തീകരിച്ച് ദൈവത്തിന്റെ ആലോചനയെ പിടിച്ചെടുക്കണം. നാം സ്വയത്തിൽ ആശ്രയിക്കാതെ, സകലവും ജീവന്റെ ഉറവിടമായ യേശുക്രിസ്തുവിനോട് ആലോചിച്ച് ചെയ്താൽ അത് നന്മ ആയിരിക്കും, തിന്മയെ തോൽപ്പിക്കാൻ കഴിയുന്ന വിധത്തിലാണ് പരിശുദ്ധാത്മാവിന്റെ ആലോചന ലഭിക്കുന്നത്. സമ്പത്തും പ്രതാപവും വർദ്ധിപ്പിക്കാൻ യന്ത്രങ്ങളെപ്പോലെ നിത്യവും പ്രവൃത്തിക്കുന്ന യന്ത്രമനുഷ്യരായി ഭവിക്കാതെ, ദൈവത്തിന്റെ ഇഷ്ടത്തിനായി ജീവിതത്തെ സമർപ്പിച്ച്, അവന്റെ വേലകൾ പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്ന മനസ്സോടും വിചാരത്തോടും സന്നദ്ധരായ ദൈവത്തിന്റെ മക്കളായി ഭവിക്കേണം. നമ്മുടെ ചിന്തകൾ, പ്രവൃത്തികൾ, വിചാരങ്ങൾ എന്നിവ രക്ഷയുടെ മാർഗ്ഗത്തിൽ സഞ്ചരിച്ച് പ്രാണൻ / ജീവൻ യേശുവിന്റെ ഉള്ളിൽ എത്തിക്കേണം. നിത്യവും ഞാൻ യേശുവിന്റെ അരികിൽ എത്തി, നമ്മെ തന്നെ പൂർണ്ണമായി സമർപ്പിച്ച് അന്നന്നു ചെയ്യേണ്ടതായ വേലകൾ ദൈവാലോചനയിൽ പിടിച്ചെടുത്ത് ജീവിതസാഫല്യം അണഞ്ഞ് ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണം. നമുക്ക് ദൈവസന്നിധിയിലേക്ക് കടന്നുചെന്ന് മുട്ടുകുത്തി ചോദിക്കാം, ‘ കർത്താവേ ഞങ്ങൾ ഇന്നു എന്തു നന്മ ചെയ്താൽ നിത്യരാജ്യത്തിന് അവകാശിയായി തീരുമെന്ന് ആത്മാവിനാൽ ബോധ്യപ്പെടുത്തണമെ.’